കോട്ടയം ജില്ലയിൽ ഹോമിയോ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി

109 [566] ശ്രീ. ജോണി നെല്ലൂർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഹോമിയോ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിൽ നിന്നും എത്രപേരെ ഇതേവരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിൽ കോട്ടയം ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഈ തസ്തികയിൽ പെൻഷൻപറ്റി പിരിഞ്ഞവരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തസ്തികയിലേക്ക് പത്താം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ള അറ്റന്റർമാരെ പ്രൊമോട്ട് ചെയ്ത് നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെയാണ്;

(എഫ്) ഇപ്രകാരം പ്രൊമോട്ട് ചെയ്യുന്നതിനായി സർക്കാർ എന്തെങ്കിലും നിബന്ധന വച്ചിട്ടുണ്ടോ; എങ്കിൽ അത് എന്തെന്ന് വെളിപ്പെടുത്തുമോ;

(ജി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും;

(എച്ച്) റാങ്ക് ലിസ്റ്റിലുള്ളവർ നിയമനത്തിനായി കോടതിയെ സമീപിക്കുകയോ കോടതി ഉത്തരവുകൾ ഉണ്ടാവുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; വിധി പകർപ്പ് ലഭ്യമാക്കുമോ;

(ഐ) പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ളവരെ കോടതി പരാമർശം ഉണ്ടായിട്ടും നിയമിക്കാതിരിക്കുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ജെ) പി. എസ്. സി. ലിസ്റ്റിൽ നിന്നും ഒഴിവുള്ള മുഴുവൻ സ്ഥാനങ്ങളിലും നിയമനം നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 4 ഒഴിവുകൾ

(ഡി) ഇല്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ട്. 50 ശതമാനം തസ്തികയിലേക്ക് എസ്. എസ്. എൽ. സി. പാസ്സായവരെയും സർക്കാർ നടത്തുന്ന നഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് പാസ്സായവരെയും ഉദ്യോഗക്കയറ്റം നൽകി നിയമിക്കാമെന്ന് നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ജി) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എച്ച്) ഉണ്ട്. ഹോമിയോ ഫാർമസിസ്റ്റ് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെക്കൊണ്ട് ഹോമിയോ ഫാർമസിസ്റ്റ് ഒഴിവുകൾ താൽക്കാലികമായി നികത്തണമെന്ന ആവശ്യം പരിഗണിച്ച് തീർപ്പാക്കുവാൻ കോട്ടയം ജില്ലാ ഹോമിയോ ഫാർമസിസ്റ്റ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത ഡബ്ല്യൂ. പി. (സി.) 38708/03-ലെ വിധിയിൽ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. വിധി പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഐ ആന്റ് ജെ) ഇക്കാര്യം വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുന്നു.

ലോക ബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് എന്നിവ ജലവിതരണ പദ്ധതികൾക്ക് നൽകുന്ന സഹായം

110 [567] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ടി. എൻ. പ്രതാപൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും ജലവിതരണ പദ്ധതിക്കുവേണ്ടി ഗ്രാന്റു നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുക വീതം; ഈ തുക ഉപയോഗിച്ച് എത്ര ജലവിതരണ പദ്ധതികളുടെ പണി പൂർത്തിയാക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ ആന്റ് ബി) കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചീകരണ പദ്ധതിക്കു വേണ്ടി (ജലനിധി) ലോകബാങ്ക് ദീർഘകാല വായ്പ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആകെ 53 ദശലക്ഷം ഡോളറാണ് (ഏകദേശം 240 കോടി രൂപ) ആകെ വായ്പയായി ഉദ്ദേശിക്കുന്നത്. ഇതുപയോഗിച്ച് 2500 കുടിവെള്ള പദ്ധതികളുടെ പണി പൂർത്തിയാക്കാനുദ്ദേശിക്കുന്നു. ലോകബാങ്ക് സഹായത്തിൽനിന്നും 10 ദശലക്ഷം അമേരിക്കൻ ഡോളറിന്റെ (ഏകദേശം 43.50 കോടി രൂപ) ശുദ്ധജലവിതരണ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം സുനാമി ബാധിത പ്രദേശങ്ങൾക്കുവേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിൽ ചവറ-പന്മന ശുദ്ധജലവിതരണ പദ്ധതി, ആലപ്പുഴയിലേയും സമീപ പ്രദേശത്തെ 8 പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly